File No.TCPKZD/257/2022-C1

**തദ്ദേശ സ്വയംഭരണ വകുപ്പ്(പ്ലാനിംഗ്)**
**കോഴിക്കോട് ജില്ലാ നഗരാസൂത്രകയുടെ നടപടി ക്രമം**
**(ഹാജർ ഐഷ പി എ , നഗരാസൂത്രക)**

വിഷയം :- അത്തോളി ഗ്രാമപഞ്ചായത്ത്, വാർഡ് നമ്പർ 9 ൽ,അത്തോളി വില്ലേജ് , റിസ നമ്പർ 93/8B ൽ വരുന്ന സ്ഥലത്ത് ഫ്യൂൽ ഫില്ലിംഗ് സ്റ്റേഷൻ കെട്ടിടത്തിന്റെ ലേഔട്ട് അനുമതിക്കായി ശ്രീ.മുസ്തഫ ഒട്ടുക്കൽ എന്നവരുടെ അപേക്ഷയിൽ യൂസേജ് ഓഫ് പ്ലോട്ട് & ലേഔട്ട് അംഗീകാരം നല്കി ഉത്തരവാകുന്നു.

പരാമർശം:- 1.ശ്രീ.മുസ്തഫ ഒട്ടുക്കൽ എന്നവരുടെ 21/3/2022,17/11/2021 എന്നീ തിയ്യതികളിലെ അപേക്ഷ
2.ഈ കാര്യാലയത്തിൽ നിന്നുള്ള 15/1/2022 ലെ TCPKZD/616/2021-C1 നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ TCPKZD/257/2022/-C1** **തീയതി 30/04/2022**

അത്തോളി ഗ്രാമപഞ്ചായത്ത്, വാർഡ് നമ്പർ 9 ൽ,അത്തോളി വില്ലേജ് , റിസ നമ്പർ 93/8B ൽ വരുന്ന വരുന്ന 0.19 ഹെക്ടർ സ്ഥലത്ത് മൊത്തം 172.90 ച . മി ബിൽറ്റ് അപ്പ് ഏരിയ വരുന്ന ഫ്യൂൽ ഫില്ലിംഗ് സ്റ്റേഷൻ കെട്ടിടം നിർമിക്കുന്നതിന് പരാമർശം (2) പ്രകാരം ലേഔട്ട് അംഗീകാരം നൽകിയിരുന്നു. എന്നാൽ പരാമർശം (1-21/3/2022) പ്രകാരമുള്ള പുതുക്കിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ 0.18 ഹെക്ടർ സ്ഥലത്തുള്ള മേൽ നിർമ്മാണത്തിനു (എഫ്.എസ്.ഐ-0.02, കവറേജ്-1.83%) ശ്രീ. മുസ്തഫ ഒട്ടുക്കൽ എന്നവരുടെ അപേക്ഷയിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കെ.പി.ബി.ആർ 2019 പ്രകാരം യൂസേജ് ഓഫ് പ്ലോട്ട് & ലേഔട്ട് അംഗീകാരം നല്കി പുതുക്കി ഉത്തരവാകുന്നു. ആയതിനാൽ പരാമർശം (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നൽകിയ ഉത്തരവ് ഇതിനാൽ റദ്ദു ചെയ്യുന്നു .

**നിബന്ധനകൾ**

1. ഭൂമിയുടെ ഉടമസ്ഥാവകാശം , വിസ്തീർണം , തരം , അതിരുകൾ എന്നിവയുടെ ആധികാരികത സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ് .
2. ചട്ടം 5 (4) Table പ്രകാരം ലഭ്യമാക്കേണ്ട എല്ലാ അനുമതികളും ലഭിച്ചു എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
3. ചട്ടം 34 പ്രകാരം വേണ്ട sanitary facilities നൽകിയെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
4. നിർദിഷ്ട പെട്രോൾ പമ്പിലേക്കു പ്രവേശിക്കുന്നതും പുറത്തേക്കു വരുന്നതുമായ വാഹനങ്ങൾ മുൻവശത്തെ റോഡി ൽ കൂടിയുള്ള വാഹനഗതാഗതത്തെ ബാധികാത്തിരിക്കുവാൻ ആവശ്യമായ വാഹന ഗതാഗത നിയന്ത്രണ സൗ കര്യങ്ങ ൾ ഉടമ ഒരുക്കേണ്ടതാണ്.
5. DISPENSING യൂണിറ്റിന്റെ ചുറ്റും 7.5 മീറ്റർ ഉറസ്സായ സ്ഥലം ലഭ്യമാക്കിയെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ് .

അംഗീകരിച്ച പ്ലാനിന്റെ ഒരു കോപ്പി **റ്റിപി/എൽഎ/29/2022** നമ്പരായി ചേർത്ത് ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

***നോട്ട്:-*** *ഈ ഉത്തരവ് നിർമ്മാണം ആരംഭിക്കാനുള്ള അനുമതി അല്ല:അതിനായി ലേഔട്ട് അംഗീകാരം ലഭിച്ച പ്ലാനുകൾ സഹിതം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ*

File No.TCPKZD/257/2022-C1

സ്ഥാപനത്തിൽഅപേക്ഷ നൽകേണ്ടതാണ്.

ശ്രീ.മുസ്തഫ ഒളക്കൽ
കാന്തക്കാളി-H
കൊണ്ടന്നൂർ-പി ഒ
അത്തോളി -673315

കോഴിക്കോട്
പിൻ: 673 005

Signature valid
Digitally signed by SHA P A
Date: 2022.04.30 07:13:01 IST
Reason: Approved
Location: PALAKKAD

പി. എ
നഗരാസൂത്രക
കോഴിക്കോട്

പകർപ്പ് :- 1) സെക്രട്ടറി,അത്തോളി ഗ്രാമപഞ്ചായത്ത്
2) വെബ്സൈറ്റ് 3) കരുതൽ